Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

08.01.2026

# ഡോ.കെ. പദ്മകുമാറിന് ദേശീയ അംഗീകാരം

തൃശൂർ: ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഫോറൻസിക് മെഡിസിൻ വിഭാഗം പ്രൊഫസറും വിഭാഗം മേധാവിയും, മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പലുമായ ഡോ. കെ. പദ്മകുമാറിനു ദേശീയ തലത്തിലുള്ള അംഗീകാരം. ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (IMA) സംഘടിപ്പിച്ച ദേശീയ സമ്മേളനത്തിൽ അദ്ദേഹത്തിന് പ്രൊഫസർ ശ്രീധർ ശർമ നാഷണൽ ഓറേഷൻ അവാർഡ് സമ്മാനിച്ചു.

അഹമ്മദാബാദിൽ നടന്ന IMA ദേശീയ സമ്മേളനത്തിന്റെ ഭാഗമായി നടന്ന ചടങ്ങിലാണ് പുരസ്കാരം വിതരണം ചെയ്തത്. ഫോറൻസിക് മെഡിസിൻ മേഖലയിലെ അധ്യാപന, ഗവേഷണ, അക്കാദമിക് സംഭാവനകൾ പരിഗണിച്ചാണ് ഡോ. പദ്മകുമാറിനെ ഈ അഭിമാനകരമായ പുരസ്കാരത്തിന് തെരഞ്ഞെടുത്തത്.

ഈ നേട്ടം ജൂബിലി മിഷൻ മെഡിക്കൽ കോളേജിനും സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയ്ക്കും അഭിമാനകരമാണെന്ന് ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ അറിയിച്ചു. ഡോ. പദ്മകുമാറിനെ സഹപ്രവർത്തകരും വിദ്യാർത്ഥികളും അഭിനന്ദനങ്ങൾ അറിയിച്ചു.